പെരിയാർ നദീസംരക്ഷണം

# എൻ.ഐ.ടി.സി.യും ഐ.ഐ.ടി. പാലക്കാടും കേന്ദ്രങ്ങൾ രൂപവത്കരിക്കും

**മുക്കം ▸** പെരിയാർ നദീസംരക്ഷണത്തിന് കോഴിക്കോട് എൻ.ഐ.ടി.യും പാലക്കാട് ഐ.ഐ.ടി.യും സംയുക്തമായി കേന്ദ്രങ്ങൾ സ്ഥാപിക്കും. പെരിയാർ നദിയുടെ അവസ്ഥ വിലയിരുത്തി, മാനേജ്മെന്റ് പ്ലാനിന്റെ വികസനം ലക്ഷ്യമിട്ടുള്ള പഠന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി എൻ.ഐ.ടി.സി. ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ ധാരണാപത്രത്തിൽ ഒപ്പുവെച്ചു.



പെരിയാർനദീസംരക്ഷണത്തിന് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ധാരണാപത്രത്തിൽ ഒപ്പിട്ട എൻ.ഐ.ടി.സി. ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണയും മറ്റു ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഡയറക്ടർമാരും മന്ത്രി ഗജേന്ദ്രസിങ് ശെഖാവതിനൊപ്പം

കേന്ദ്ര ജലശക്തി മന്ത്രാലയമാണ് എൻ.ഐ.ടി.സി.യെയും പാലക്കാട് ഐ.ഐ.ടി.യെയും പദ്ധതിക്കായി തിരഞ്ഞെടുത്തത്. കാവേരി, പെരിയാർ, നർമദ, കൃഷ്ണ, മഹാനദി, ഗോദാവരി എന്നീ നദികൾ ശുദ്ധീകരിക്കാനുള്ള ബൃഹത്തായ പദ്ധതിയുടെ ഭാഗമായാണ് പെരിയാറിനായി കേന്ദ്രമൊരുക്കുന്നത്. മൂന്ന് വർഷത്തേക്ക് 6.90 കോടി രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ഓരോ സ്ഥാപനത്തിനും 1.15 കോടി രൂപയാണ് വാർഷിക വിഹിതം.

ജലവിഭവ, നദീവികസന, ഗംഗാ പുനരുജ്ജീവന വകുപ്പുമായാണ് എൻ.ഐ.ടി.സി.യും ഐ.ഐ.ടി.പി.യും ജലശക്തി മന്ത്രി ഗജേന്ദ്രസിങ് ശെഖാവതിന്റെ സാന്നിധ്യത്തിൽ ഡൽഹിയിൽനടന്ന ചടങ്ങിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചത്. ജലശക്തി മന്ത്രാലയം സെക്രട്ടറി ദേബശ്രീ മുഖർജി, നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗ (എൻ.എം.സി.ജി.) ഡയറക്ടർ ജനറൽ ജി. അശോക് കുമാർ, ഗംഗാ നദീതട മാനേജ്മെന്റ് ആൻഡ് സ്റ്റഡീസ് കേന്ദ്രം സ്ഥാപക മേധാവി പ്രൊഫ. വിനോദ് താരേ, നദീസംരക്ഷണത്തിൽ പങ്കാളികളാവാൻ തിരഞ്ഞെടുക്കപ്പെട്ട മറ്റു സ്ഥാപനങ്ങളുടെ ഡയറക്ടർമാർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഐ.ഐ.ടി. കാൺപുരിൽ സ്ഥാപിച്ചിട്ടുള്ള സെന്റർ ഫോർ ഗംഗാ റിവർ ബേസിൻ മാനേജ്മെന്റ് ആൻഡ് സ്റ്റഡീസ് (സി.ഗംഗ) നടത്തുന്ന പ്രവർത്തനങ്ങളുടെ മാതൃക പിന്തുടർന്നാണ് പഠനങ്ങൾ നടത്തുന്നത്.

പെരിയാർ നദീസംരക്ഷണ കേന്ദ്രം സർക്കാരിന് ഉപദേശം നൽകുകയും തുടർച്ചയായ ശാസ്ത്രീയ പിന്തുണനൽകുകയും ചെയ്യുമെന്ന് എൻ.ഐ.ടി.സി. ഡയറക്ടർ പ്രൊഫ. പ്രസാദ് കൃഷ്ണ പറഞ്ഞു.

---

# പെരിയാർ നദി സംരക്ഷണം: എൻഐടി–ഐഐടി പദ്ധതി

## ▸▸ ധാരണാപത്രം ഒപ്പുവച്ചു

**ചാത്തമംഗലം ●** പെരിയാർ നദി സംരക്ഷണത്തിന് കോഴിക്കോട് എൻഐടിയും പാലക്കാട് ഐഐടിയും ചേർന്ന് സംസ്ഥാനത്ത് നിർവഹണ കേന്ദ്രങ്ങൾ സ്ഥാപിക്കും. പെരിയാർ നദി അവസ്ഥ വിലയിരുത്തൽ, മാനേജ്മെന്റ് പ്ലാൻ വികസനം എന്നിവ ലക്ഷ്യമാക്കി പഠന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ എൻഐടി ഡയറക്ടർ പ്രഫ.പ്രസാദ് കൃഷ്ണ കേന്ദ്ര ജലശക്തി മന്ത്രാലയവുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. രാജ്യത്തെ പ്രധാന നദികൾ ശുചീകരിക്കുന്നതിന്റെ ഭാഗമായാണ് 3 വർഷത്തേക്ക് 6.9 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നത്.

കാൺപൂർ ഐഐടി സ്ഥാപിച്ച സെന്റർ ഫോർ ഗംഗാ റിവർ ബേസിൻ മാനേജ്മെന്റ് ആൻഡ് സ്റ്റഡീസ് മാതൃകയിലാണ് പഠനങ്ങൾ നടത്തുക.

കേന്ദ്രമന്ത്രി ഗജേന്ദ്ര സിങ് ഷെഖാവത്ത്, ജലശക്തി മന്ത്രാലയം സെക്രട്ടറി ദേബശ്രീ മുഖർജി, നാഷനൽ മിഷൻ ഫോർ ക്ലീൻ ഗംഗ ഡയറക്ടർ ജി.അശോക് കുമാർ, പ്രഫ.വിനോദ് താരെ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. പരിസ്ഥിതി സന്തുലനം നിലനിർത്തുക, മലിനീകരണം തടയുക തുടങ്ങിയവ വഴി നദിയുടെ അടിസ്ഥാന സ്വഭാവം സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമെന്ന് പദ്ധതിയുടെ ഔദ്യോഗിക നിർവഹണ ഉദ്യോഗസ്ഥനും എൻഐടി അധ്യാപകനുമായ പ്രഫ.സന്തോഷ് ജി.തമ്പി പറഞ്ഞു.